**ഭരണഭാഷ-മാതൃഭാഷ**

കൊച്ചി നഗരസഭ

## കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ

**പിൻ കോഡ്- 682011**

**GSTIN:32AAALC1079K2ZB**

**ഫോൺ നമ്പർ : 0484-2369007**

**https://kochicorporation.lsgkerala.gov.in, kochicorpsecretary@gmail.com**

നമ്പർ: 238369-2025

തീയതി : 03-03-2025

### ക്വട്ടേഷൻ നോട്ടീസ്

കൊച്ചി നഗരസഭയിലെ ജീവനക്കാർക്ക് 01/04/2025 മുതൽ 31/03/2026 വരെയുള്ള കാലയളവിലേക്ക് ആവശ്യമായ ഐഡന്റിറ്റി കാർഡ് ,ടാഗ്, ഉൾപ്പെടെ നഗരസഭ ആവശ്യപ്പെടുന്ന രൂപത്തിലും ഡിസൈനിലും തയ്യാറാക്കി നഗരസഭ ഓഫീസിൽ നൽകുന്നതിന് മത്സരാടിസ്ഥാനത്തിലുള്ള ക്വട്ടേഷൻ ക്ഷണിച്ചുകൊള്ളുന്നു. (റെഗുലർ വിഭാഗം ,കണ്ടിജന്റ് വിഭാഗം, കരാർ എന്നീ ജീവനക്കാർക്ക് പ്രത്യേകം ഐഡി കാർഡ് നിർമ്മിക്കേണ്ടതാണ്)

ക്വട്ടേഷനുകൾ 12/3/2025 ഉച്ചയ്ക്ക് 12 മണിക്ക് മുൻപായി കൊച്ചി നഗരസഭ ഡെപ്യൂട്ടി കോർപ്പറേഷൻ സെക്രട്ടറിയുടെ ഓഫീസിൽ ലഭ്യമാക്കേണ്ടതാണ്

സമയപരിതിക്കകം ലഭ്യമായ ക്വട്ടേഷനുകൾ അന്നേദിവസം 3 PM ന് ഡെപ്യൂട്ടി കോർപ്പറേഷൻ സെക്രട്ടറി ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥൻ ഹാജരുള്ള ക്വട്ടേഷൻ കാരുടെ സാന്നിദ്ധ്യത്തിൽ തുറന്ന് പരിശോധിക്കുന്നതാണ് . ക്വട്ടേഷനോടൊപ്പം കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ സെക്രട്ടറിയുടെ പേരിൽ 3000/-രൂപയുടെ ഇ.എം.ഡി ഉള്ളടക്കം ചെയ്യേണ്ടതാണ് ക്വട്ടേഷൻ ഏറ്റവും കുറവ് നിരക്ക്, കോളിറ്റി എന്നിവ പരിശോധിച്ച് വർക് ഓർഡർ നൽകുന്നതാണ്

### ഐഡന്റിറ്റി കാർഡ് തയ്യാറാക്കേണ്ട വിധം

1.ഐഡന്റിറ്റി കാർഡിൻ്റെ ടാഗ് 90 സെ.മീറ്റർ നീളത്തിലും 20 എം.എം വീതിയിലും ട്രാൻസ്പരന്റ് ഹോൾഡർ ഉൾപ്പടെയുള്ള ഒരണ്ണത്തിന്റെ നിരക്ക്.

(ടാഗിൽ GOVERNMENT OF KERALA സർക്കാർ എബ്ലം KOCHI MUNICIPAL CORPORATION കൊച്ചി നഗരസഭ എബ്ലം LSGD എന്ന് രേഖപ്പെടുത്തേണ്ടതാണ്)

2. ഐഡന്റിറ്റി കാർഡിന്റെ നീളം (ഉയരം) 8.5 സെ.മീറ്ററിലും വീതി 5.4 സെ.മീറ്ററിലും ഉള്ള ഫോർഡറിൽ തയ്യാറാക്കുന്നതിൻ്റെ ഒരെണ്ണത്തിന്റെ നിരക്ക്

3.മേൽ വിവരിക്കും വിധം ടാഗ്, ഐഡന്റിറ്റി കാർഡ് ഉൾപ്പടെ തയ്യാറാക്കി

നൽകുന്നതിന് ഒരണ്ണത്തിന്റെ നിരക്ക്

(1), (2), (3) നിരക്ക് പ്രത്യേകം രേഖപ്പെടുത്തേണ്ടതാണ്. എല്ലാ നികുതികളും ഉൾപ്പടെയുള്ള നിരക്കാണ് ക്വട്ടേഷനിൽ രേഖപ്പെടുത്തേണ്ടത്.

ക്വട്ടേഷൻ നൽകേണ്ട ദിവസം അവിചാരിത അവധിയോ മറ്റ് സാങ്കേതിക കാരണങ്ങളാൽ ഓഫീസ് പ്രവൃത്തിക്കാത്തപക്ഷം തൊട്ടടുത്ത പ്രവൃത്തി ദിവസം അതെ സമയത്ത് ക്വട്ടേഷൻ സ്വീകരിക്കുന്നതും ക്വട്ടേഷൻ തുറന്ന് പരിശോധിക്കുന്നതുമാണ്.

യാതൊരുവിധ കാരണങ്ങളും കൂടാതെ ക്വട്ടേഷൻ നിരസിക്കുന്നതിന് നഗരസഭകൗൺസിലിന്/ സെക്രട്ടറിക്ക് അധികാരം ഉണ്ടായിരിക്കുന്നതാണ്.

ക്വട്ടേഷൻ ലഭിയ്ക്കുന്ന ആൾ നഗരസഭ സെക്രട്ടറിയുമായി 200/- രൂപ മുദ്രപത്രത്തിൽ എഗ്രിമെന്റ് വച്ച് യഥാസമയം സാമഗ്രികൾ ഓഫീസിൽ ലഭ്യമാക്കേണ്ടതാണ്.

ക്വട്ടേഷൻ സംബന്ധിച്ച് കൂടുതൽ വിവരങ്ങൾ അറിയുന്നതിനും ടാഗ്, ഐഡന്റിറ്റി കാർഡ് ഹോൾഡര എന്നിവയുടെ സാമ്പിൾ പരിശോധനയ്ക്കും ഓഫീസ് പ്രവൃത്തി സമയത്ത് കൊച്ചി നഗരസഭ സ്റ്റോറുമായി ബന്ധപ്പെടാവുന്നതാണ്.

സമയപരിധി കഴിഞ്ഞ ക്വട്ടേഷനും പരിഗണിക്കുന്നതല്ല.

ക്വട്ടേഷൻ കവറിന് പുറത്ത് ഐഡന്റിറ്റി കാർഡ് ക്വട്ടേഷൻ എന്ന് രേഖപ്പെടുത്തേണ്ടതാണ്.

നഗരസഭ ആവശ്യപ്പെടുന്ന സാധനങ്ങൾ ലഭ്യമാക്കി ബിൽ സമർപ്പിക്കുന്ന മുറയ്ക്ക് തുക നൽകുന്നതാണ്.

**അഡീഷണൽ സെക്രട്ടറി**

**കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ**

പകർപ്പ്

നോട്ടീസ് ബോർഡ്

വില്ലേജ് ഓഫീസ്

തഹസിൽദാർ കണയന്നൂർ ആഫീസ് ട്രഷറി

നഗരസഭ സൈറ്റ്

Document certified by P S SHIBU <taxpointepan@gmail.com>.

Digitally signed by P S SHIBU
Date: 2025.03.04 11:05:20 IST
Reason: KSMART

OFFICE OF THE KOCHI MUNICIPAL CORPORATION * ERNAKULAM, COCHIN-11 *